# Deepika
# 10 August 2018
# Paravoor, Vypin, Drinking Water Supply

## പറവൂരിലും വൈപ്പിനിലും കുടിവെള്ള വിതരണം മുടങ്ങും

**പറവൂർ:** ഡാമുകൾ തുറന്നു വിട്ടതിനെത്തുടർന്ന് പെരിയാറിൽ ചെളിയുടെ തോത് വർധിച്ചത് ചൊവ്വര ശുദ്ധജല വിതരണ ശൃംഖലയെയും പ്രതികൂലമായി ബാധിച്ചു. പമ്പിംഗിനായി ശേഖരിക്കുന്ന വെള്ളത്തിൽ ശുചീകരണ പ്രവർത്തികൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ അവിടെനിന്ന് പറവൂരിലേക്ക് വരുന്ന വെള്ളത്തിന്റെ തോത് കുറയും. ഇതുമൂലം ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ പറവൂരിലും വൈപ്പിൻകരയിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ള വിതരണം ഭാഗികമായി മുടങ്ങുമെന്ന് വാട്ടർ അഥോറിറ്റി അധികൃതർ അറിയിച്ചു.